(എച്ച്) വില്പന നികുതി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം നികുതി ഈടാക്കുന്നതിനെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. മറിച്ച് ആ വകുപ്പിന്റെ നിയമസാധുതയെ കോടതിയിൽ വ്യാപാരികൾ ചോദ്യം ചെയ്യുകയാണുണ്ടായത്. വില്പന നികുതി പിരിക്കേണ്ടിയിരുന്ന വ്യാപാരികളും യൂണിറ്റുകളും ആയത് ചെയ്യാത്തതുമൂലമുള്ള വീഴ്ചയ്ക്ക് സർക്കാർ ഉത്തരവാദിയല്ല.

(ഐ) വില്പന നികുതി നിയമപ്രകാരം ഇത്തരം യൂണിറ്റുകൾ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. യഥാസമയം നികുതി പിരിച്ചെടുത്തിട്ടില്ല. എന്ന കാരണം കൊണ്ട് മാത്രം നികുതി ഒഴിവ് നൽകുവാൻ വില്പന നികുതി നിയമത്തിൽ വ്യവസ്ഥയില്ല.

ട്രഷറി നിയന്ത്രണം

24 (3233) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ട്രഷറി നിയന്ത്രണം നിലനിൽക്കുന്നുണ്ടോ ; ഏതൊക്കെ മേഖലകളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക മേഖലയ്ക്കും വിവിധ പാടശേഖര സമിതികൾക്കും സഹകരണ സംഘങ്ങൾക്കുള്ള ട്രഷറി ചെക്കുകൾ ട്രഷറിയിൽ നിന്നും മാറ്റി കൊടുക്കാതിരിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) തൃശ്ശൂർ ജില്ലയിലെ ആലപ്പാട്-പുള്ള സർവ്വീസ് സഹകരണ സംഘത്തിന് നൽകിയിട്ടുള്ള ചെക്കുകൾ ട്രഷറിയിൽ മാറ്റിക്കൊടുക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) 31-7-2001, 7-5-2002 എന്നീ തീയതികളിൽ തൃശൂർ കോൾ ഡവലപ്മെന്റ് ഏജൻസിയിൽ നിന്നും നൽകിയ പ്രസ്തുത ട്രഷറി ചെക്കുകൾ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനുള്ളതാണ് എന്ന വസ്തുത കണക്കിലെടുത്ത് മാറിക്കൊടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് 1987 മുതൽ ഏർപ്പെടുത്തിയ ചില ക്രമീകരണങ്ങൾ മാത്രമാണ് ഇപ്പോഴും തുടരുന്നത്.

(ബി) 'എ'-യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി&ഡി) ട്രഷറിയിൽ ട്രഷറി പബ്ലിക് അക്കൗണ്ട്, സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ട് എന്നിങ്ങനെ പല വിധത്തിലുള്ള അക്കൗണ്ടുകളുടെ ചെക്കുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുള്ള സർവ്വീസ് സഹകരണ സംഘത്തിന് നൽകിയിട്ടുള്ള ചെക്കുകളും, 31-7-2001, 5-7-2002 എന്നീ തീയതികളിൽ തൃശ്ശൂർ കോൾ ഡവലപ്മെന്റ് ഏജൻസിയിൽ നിന്ന് നൽകിയ ചെക്കുകളും മേൽ സൂചിപ്പിച്ചതിൽ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് അറിയിക്കുകയും ചെക്കുകളുടെ നമ്പരോ മറ്റു വിശദാംശങ്ങളോ ലഭ്യമാക്കുകയും ആണെങ്കിൽ പ്രസ്തുത ചെക്കുകൾ മാറിക്കൊടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

ട്രഷറി നിയന്ത്രണം

25 (3234) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അനുവദിക്കുന്ന തുകകൾ ട്രഷറികളിൽ നിന്നും ക്ലിയർ ചെയ്തു ലഭിക്കുന്നതിൽ നിലവിൽ വളരെയേറെ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വളരെയേറെ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'എ'-യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

മുക്കത്ത് സബ് ട്രഷറി സ്ഥാപിക്കാൻ നടപടി

26 (3235) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കത്ത് സബ്ട്രഷറി പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടവും, ഫർണിച്ചറും, ടെലിഫോണും മറ്റ് സൗകര്യങ്ങളും സൗജന്യമായി നൽകാൻ പ്രദേശത്തെ ധനകാര്യ സഹകരണ സംഘങ്ങളും ഗ്രാമപഞ്ചായത്ത് തല സമിതികളും വിവിധ സംഘങ്ങളും വാഗ്ദാനം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുക്കത്ത് സബ്ട്രഷറി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly